*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

191th Issue - Volume 5, No. 25 **ജാഗ്രത** 2nd July 2011

“ നിങ്ങളിൽ ഏറ്റവും വലിയവൻ ഏറ്റവും ചെറിയവനെപ്പോലെയും അധികാരമുള്ളവൻ ശുശ്രൂഷകനെപ്പോലെയും ആയിരിക്കണം.”.

(ലൂക്കാ 22 :26)




## പ്രധാന വാർത്തകൾ

**മാർപാപ്പയുടെ പൗരോഹിത്യത്തിന്റെ 60-ാം വാർഷികം**

---

**ദൈവശാസ്ത്രജ്ഞർ മനുഷ്യരെ ദൈവത്തിലേക്ക് അടുപ്പിക്കണം:**
**ബിഷപ് ഡോ.വർഗീസ് ചക്കാലയ്ക്കൽ**

---

**വിദ്യാഭ്യാസ സ്വാതന്ത്ര്യം അക്രമത്തിലൂടെ അടിയറ വയ്പിക്കാമെന്നു കരുതേണ്ട: ഇന്റർചർച്ച് കൗൺസിൽ**

---

**സാമൂഹികനീതിയുടെ മറവിൽ അനീതി**
**ആർച്ച്ബിഷപ് മാർ ജോസഫ് പവ്വത്തിൽ**

---

## ജാഗ്രതാ വാർത്ത

**പത്തിലെ പാഠപുസ്തകത്തിൽ സഭയെ അധിക്ഷേപിക്കുന്നുണ്ടെന്നു സമിതി**

**Commission Chairman**
Bp. Mar Thomas Chakiath

**Vice Chairmen**
Bp. Joshua Mar Ignathios
Bp. Dr. Vincent Samuel

**Commission Secretary**
Fr. Philip Nelpuraparambil

## മാർപാപ്പയുടെ പൗരോഹിത്യത്തിന്റെ 60-ാം വാർഷികം

---

ബനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ പൗരോഹിത്യത്തിന്റെ 60-ാം വാർഷികാഘോഷങ്ങൾക്കൊപ്പം വൈദികർക്കു വേണ്ടി വത്തിക്കാൻ തിരുസംഘം സംഘടിപ്പിച്ച 60 മണിക്കൂർ ആരാധനയും നടന്നു. ജൂലൈ ഒന്നിനായിരുന്നു ആരാധന അന്നു തന്നെ തിരുഹൃദയ തിരുന്നാളും വൈദികർക്കു വേണ്ടിയുള്ള പ്രാർത്ഥനയും നടന്നു. വൈദീകരുടെ വിശുദ്ധീകരണവും ദൈവത്തിൽ നിന്ന് കൂടുതൽ ദൈവവിളി ലഭിക്കുക എന്നതായിരുന്നു ആരാധനയുടെ നിയോഗം. മാർപാപ്പയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നതോടൊപ്പം ലോകത്തിലുള്ള ബിഷപ്പുമാർക്കും വൈദികർക്കും ഡീക്കൻമാർക്കും സുവിശേഷവേല ചെയ്യുന്ന എല്ലാവർക്കും വേണ്ടി പ്രാർത്ഥിച്ചു.

## ദൈവശാസ്ത്രജ്ഞർ മനുഷ്യരെ ദൈവത്തിലേക്ക് അടുപ്പിക്കണം:

**ബിഷപ് ഡോ.വർഗീസ് ചക്കാലയ്ക്കൽ**

---



ദൈവശാസ്ത്രജ്ഞർ ദൈവസ്നേഹമുള്ളവരുംമനുഷ്യരെ ദൈവത്തിലേക്ക് അടുക്കാൻ പ്രോത്സാഹിപ്പിക്കുന്നവരും ആയിരിക്കണമെന്നു കണ്ണൂർ ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ അഭിപ്രായപ്പെട്ടു. 100 ദൈവശാസ്ത്രഗ്രന്ഥങ്ങൾ എഴുതി പ്രസിദ്ധീകരിച്ച ഇന്ത്യയിലെ പ്രമുഖ ധാർമിക ദൈവശാസ്ത്രജ്ഞരിൽ ഒരാളായ റവ.ഡോ.ഫെലിക്സ് പൊടിമറ്റത്തെ ആദരിക്കാൻ ഇരിട്ടി പട്ടാരം വിമലഗിരി ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച ചടങ്ങിൽ അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം. തന്റെ ഗുരുനാഥനായിരുന്ന ഡോ. ഫെലിക്സിന്റെ ക്ലാസുകൾ ജീവിതത്തിലുടനീളം പ്രാർഥനയിലും പക്വതയിലും വളരാൻ തന്നെ സഹായിച്ചിട്ടുണ്ടെന്നു ഡോ. ചക്കാലക്കൽ കൂട്ടിച്ചേർത്തു. ഡോ. ജോൺസൺ പുത്തൻപുരയ്ക്കൽ ഡോ. ഫെലിക്സിന്റെ ആശയലോകത്തെ പരിചയപ്പെടുത്തി. ഡോ. ജോസ് കൂടപ്പുഴ പ്രസംഗിച്ചു. കോഴിക്കോട് മീഡിയ ഹൗസ് പ്രസാധനം ചെയ്യുന്ന ഡോ. ഫെലിക്സിന്റെ സമർപ്പിതരെക്കുറിച്ചുള്ള ഗ്രന്ഥത്തിന്റെ മലയാള പരിഭാഷയായ 'നാർദീൻ പരിമളം: സമർപ്പിതജീവിതത്തിന് ഒരു പുനരാഖ്യാനം' എന്ന ഗ്രന്ഥം ഡോ. സ്കറിയ കല്ലൂരിനു നല്കിക്കൊണ്ടും ഡോ. ഫെലിക്സിന്റെ 100-ാം ഗ്രന്ഥമായ 'ദി ആർട്ട് ഓഫ് ലിവിംഗ് ഹാപ്പിലി' എന്ന ഗ്രന്ഥത്തിന്റെ പ്രകാശനം ഡോ. ജോസ് കൂടപ്പുഴയ്ക്കു നല്കിയും ഡോ.ചക്കാലയ്ക്കൽ നിർവഹിച്ചു. ഓൾ ഇന്ത്യ ലാറ്റിൻ ബിഷപ്സ് കോൺഫറൻസ് സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ബിഷപ് ഡോ.ചക്കാലയ്ക്കലിനെ പാവനാത്മാകപ്പൂച്ചിൻ പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ റവ.ഡോ.സ്കറിയാ കല്ലൂർ പൊന്നാടയണിയിച്ച് ആദരിച്ചു. ഫാ. കുര്യൻ ചിറപ്പുറത്ത് നന്ദി പറഞ്ഞു.

## വിദ്യാഭ്യാസ സ്വാതന്ത്ര്യം അക്രമത്തിലൂടെ അടിയറ വയ്പിക്കാമെന്നു കരുതേണ്ട: ഇന്റർചർച്ച് കൗൺസിൽ

---

മതന്യൂനപക്ഷങ്ങളുടെ നിലനില്പിനുള്ള ഭരണഘടനാപരമായ വിദ്യാഭ്യാസസ്വാതന്ത്ര്യം അക്രമവും ബലപ്രയോഗവും ഭീഷണിയും വഴി അടിയറ വയ്പിക്കാമെന്ന് ആരും കരുതേണ്ടെന്ന് ഇന്റർചർച്ച് കൗൺസിൽ ഫോർ എഡ്യൂക്കേഷൻ ചെയർമാൻ ആർച്ച്ബിഷപ് മാർ ജോസഫ് പവ്വത്തിൽ. ക്രൈസ്തവ മാനേജ്മെന്റ് കോളജുകളിൽ വർഗീയ യുവജനസംഘടനകളും വർഗസമര സിദ്ധാന്ത സംഘടനകളും നടത്തുന്ന അക്രമങ്ങളോടും ബലപ്രയോഗങ്ങളോടും പ്രതികരിക്കുകയായിരുന്നു അദ്ദേഹം. ഭരണഘടനയെയും കോടതി വിധികളെയും നിഷേധിച്ചു സർക്കാരിനെയും ന്യൂനപക്ഷത്തെയും ഭീഷണിപ്പെടുത്തി, നശീകരണപ്രവർത്തനങ്ങളിലൂടെ തന്നിഷ്ടം അടിച്ചേല്പിക്കാൻ ശ്രമിക്കുന്നത് അപകടകരമായ പ്രവണതയാണ്. ജനാധിപത്യത്തിന്റെ അടിത്തറ മാന്തുന്ന ഇത്തരം പ്രവർത്തനശൈലിയെ ജനാധിപത്യ വിശ്വാസികൾ ഒറ്റക്കെട്ടായി ചെറുക്കണം. കൈയൂക്കുള്ളവർ കാര്യം നേടാനുള്ള ശ്രമം സർവഥാ അപലപനീയമാണ്. മെറിറ്റനുസരിച്ചുമാത്രം പ്രവേശനം, പാവപ്പെട്ടവർക്കുമാത്രം സ്കോളർഷിപ്പോടെ സൗജന്യപഠനം, കോടതി അംഗീകരിച്ച ന്യായമായ ഫീസ്, മുപ്പത്തിയഞ്ചു ശതമാനം വരെ സർക്കാരിന്റെ ഓപ്പൺ മെറിറ്റിൽ നിന്നു പ്രവേശനം എന്ന തരത്തിൽ മെറിറ്റും സാമൂഹ്യനീതിയും ഉറപ്പുവരുത്തുന്ന നിലപാടാണു സ്വാശ്രയ കോളജ് വിഷയത്തിൽ ഇന്റർചർച്ച് കൗൺസിൽ ഫോർ എഡ്യൂക്കേഷൻ ഉയർത്തി പ്പിടിക്കുന്നത്. അങ്ങനെ ഗുണമേന്മയുള്ള വിദ്യാഭ്യാ സം എല്ലാവർക്കും നല്കാൻ കഴിയുന്നു. അല്ലാതെ, അമ്പതു ശതമാനം സീറ്റിൽ ഇഷ്ടംപോലെ പ്രവേശ നവും, ഇഷ്ടംപോലെ ഫീസും, മെറിറ്റ് ലിസ്റ്റിൽ നിന്നുവരുന്ന അമ്പതു ശതമാനം പേർക്ക് അവർ കോടീശ്വരന്മാരാണെങ്കിലും സൗജന്യപഠനവുമെന്ന നിലപാട് അംഗീകരിക്കാനാവില്ല. സാമൂഹ്യനീതിയെ ക്കുറിച്ചു വിചിത്രധാരണകൾ ഉയർത്തിപ്പിടിക്കുന്നവർ സമൂഹത്തെ വഴിതെറ്റിക്കുകയാണ്. 2006ലെ സ്വാശ്രയ വിദ്യാഭ്യാസനിയമം ഭരണഘടനയ്ക്കും ജനാധിപത്യത്തിനും നിരക്കാത്തതായിക്കണ്ട് കോടതി തള്ളിക്കളഞ്ഞതാണ്. ആ നിയമത്തിലെ നിലപാടുതന്നെ

പുതിയ സർക്കാർ അധികാരത്തിൽ വന്നപ്പോൾ അക്രമത്തിലൂടെയും ബലപ്രയോഗത്തിലൂടെയും നടപ്പിലാക്കാനുള്ള ശ്രമമാണു നടക്കുന്നത്. വർഗീയവാദികളും വർഗസമരക്കാരും ഇവിടെ കൈകോർക്കുന്നുവെന്നതും ശ്രദ്ധേയമാണെന്ന് ഇന്റർചർച്ച് കൗൺസിൽ ചൂണ്ടിക്കാട്ടി.

## സാമൂഹികനീതിയുടെ മറവിൽ അനീതി

**ആർച്ച്ബിഷപ് മാർ ജോസഫ് പവ്വത്തിൽ**

---



നീതിക്ക് അടിസ്ഥാനപരമായി നല്കപ്പെട്ടനിർവചനം 'ഓരോരുത്തർക്കും അർഹമായിട്ടുള്ളതു നല്കുക എന്നതാണ്. ഇതിനു പല മാനങ്ങളുണ്ട്. വ്യക്തിതലത്തിലും സാമൂഹിക തലത്തിലും ഇതിനു പ്രത്യേകതകളുണ്ട്. മതവിശ്വാസികൾ ദൈവത്തോടു ബന്ധപ്പെട്ട ഒരു മാനവും ഇതിനു കല്പിക്കുന്നു. വ്യക്തികൾക്ക് അർഹമായതു ലഭിക്കുക മാത്രമല്ല വേണ്ടത്, സമൂഹത്തോടു വ്യക്തികളും നീതിപുലർത്തേണ്ടതുണ്ട്. പൊതുസമൂഹത്തിന്റെ ഘടകങ്ങളായ ചെറുസമൂഹങ്ങളോടും കീഴ്ഘടകങ്ങളോടും വ്യക്തികളോടും പൊതുസമൂഹവും നീതി കാണിക്കണം. സാമൂഹികനീതിയെ അതിന്റെ സമഗ്രതയിൽ കാണുമ്പോൾ സാമൂഹികരംഗത്തും സാമ്പത്തികരംഗത്തും രാഷ്ട്രീയരംഗത്തും മനുഷ്യജീവിതത്തിന്റെ എല്ലാ തലങ്ങളിലും, അതിനു പ്രസക്തിയുണ്ട്. അങ്ങനെയുള്ള നീതിയുടെ പരിണിതഫലമാണ് യഥാർഥ സമാധാനം. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇടതുപക്ഷക്കാരാണു സാമൂഹികനീതിയെക്കുറിച്ച് ഏറെ പറഞ്ഞതെന്നു തോന്നുന്നു. വാസ്തവത്തിൽ അവരുടെ തത്ത്വശാസ്ത്രത്തിന് ഇങ്ങനെയൊരു പദപ്രയോഗം പരിചിതമാണെന്നു പറയാനാവില്ല. അവരെ സംബന്ധിച്ചു വർഗസമരത്തിലൂടെ, വർഗാധിപത്യം (പാർട്ടിയുടെ സർവാധിപത്യം) വരുത്തി വർഗരഹിത സമൂഹം ഉണ്ടാക്കാമെന്ന സ്വപ്നമാണല്ലോ ഉള്ളത്. അതിൽ വ്യക്തികളുടെയും ചെറുസമൂഹങ്ങളുടെയും അവകാശങ്ങൾക്കും സ്വാതന്ത്ര്യത്തിനും മറ്റും (principle of subsidiarity) ഒട്ടുമേ പ്രാധാന്യമില്ല. സാമൂഹികനീതി എന്നത് ഒരു സങ്കീർണ ആശയമാണ്, എല്ലാ തലങ്ങളിലും. എല്ലാവരോടും നീതി പുലർത്തിയാലേ സാമൂഹിക നീതി യാഥാർഥ്യമാകുകയുള്ളു. ഇപ്പോൾ ഇവിടെ ചർച്ചയെല്ലാം സ്വാശ്രയ കോളജുകളോടു ബന്ധപ്പെട്ട സാമൂഹിക നീതിയെക്കുറിച്ചാണ്. രണ്ടു കാര്യങ്ങളാണ് ഈ സാമൂഹികനീതി നല്കാൻ മാർഗമായി രാഷ്ട്രീയക്കാർ പറയുന്നത്. ഒന്ന്, പകുതി സീറ്റ് സർക്കാരിന്റേതാണെന്നു പറയണം. രണ്ട്, ഇങ്ങനെ മാറ്റിവയ്ക്കുന്ന സീറ്റുകളിലെ ഫീസ് സർക്കാർ കോളജുകളിലെ നിരക്കിലായിരിക്കണം. എന്നുവച്ചാൽ, പകുതി സീറ്റ് ന്യൂനപക്ഷഇതര വിഭാഗത്തിനു നല്കണം, അതുപോലെ ഈ പകുതിപ്പേരെ സർക്കാർ കോളജു നിരക്കിൽ ന്യൂനപക്ഷവിഭാഗം സൗജന്യമായി പഠിപ്പിക്കണം. ഇതു രണ്ടുമാകുമ്പോൾ സാമൂഹ്യനീതി പൂർണമാകുമെന്നാണു പൊതുജനങ്ങളുടെ മനസിൽ ചില മാധ്യമക്കാരും പല രാഷ്ട്രീയക്കാരും ചേർന്ന് അടിച്ചേല്പിച്ചിരിക്കുന്ന ആശയം. സീറ്റു പങ്കുവയ്ക്കണം? ഈ രണ്ടു കാര്യങ്ങളും ചുരുങ്ങിയ രീതിയിലെങ്കിലും വിശകലനം ചെയ്തു യാഥാർഥ്യം മനസിലാക്കേണ്ടതാണ്. ആദ്യമായി സീറ്റുകളുടെ കാര്യമെടുക്കാം. സുപ്രീംകോടതിയുടെ വ്യാഖ്യാനമനുസരിച്ചുതന്നെ വിദ്യാലയപ്രവേശനം മാനേജുമെന്റിന്റെ മൗലികാവകാശമാണ്. ഭാഷാ- മത ന്യൂനപക്ഷങ്ങൾക്ക് അവരുടെ താത്പര്യങ്ങൾ പരിരക്ഷിക്കുന്നതിനാവശ്യമായ വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിനും നടത്തുന്നതിനുമുള്ള അവകാശം ഭരണഘടന മൗലികാവകാശമായി പ്രഖ്യാപിച്ചിരിക്കുകയാണെന്നു നമുക്കറിയാം. ഭാഷാ-മത ന്യൂനപക്ഷങ്ങളുടെ നിലനില്പിന് ഇത് അവശ്യസംവിധാനമാണെന്ന് അറിഞ്ഞുകൊണ്ടാണു ഭരണഘടനാശില്പികൾ ഈ പരിരക്ഷ നൽകിയത്. ഭാഷാ-മത ന്യൂനപക്ഷങ്ങൾക്കു തുല്യമായ പരിഗണനയാണവർ കല്പിച്ചത്. പീരുമേട്ടിൽ തമിഴ് ന്യൂനപക്ഷങ്ങളുണ്ട്. (തമിഴ്നാട്ടിൽ മലയാളി ന്യൂനപക്ഷവിദ്യാലയങ്ങളുമുണ്ട്).ഈ ന്യൂനപക്ഷത്തിനായി വിദ്യാലയങ്ങൾ സ്ഥാപിച്ചാൽ കഴിയുന്നത്ര എല്ലാ തമിഴ് വിദ്യാർഥികളെയും പ്രവേശിപ്പിച്ചില്ലെങ്കിൽ ഈ ന്യൂനപക്ഷത്തിന്റെ ഭാവിയെന്താകും? അവർ ഭൂരിപക്ഷത്തിൽ ലയിച്ചുപോകും എന്നതാണു വസ്തുത. അതുകൊണ്ടു പീരുമേട്ടിൽ തമിഴ്വിദ്യാലയത്തിൽ 50% വരെ തമിഴരെ പ്രവേശിപ്പിച്ചാൽ മതിയെന്നു പറയുന്നതിൽ അർഥമുണ്ടോ? അങ്ങനെ പ്രവേശിപ്പിക്കുന്നതിൽ സാമൂഹികനീതി എന്തെങ്കിലുമുണ്ടോ? പ്രത്യേകിച്ചും അതൊരു സ്വാശ്രയ വിദ്യാലയമാണെങ്കിൽ തമിഴർക്കു പ്രവേശനം നിഷേധിക്കുന്നത് ഒരുതരത്തിലും നീതീകരിക്കാനാവില്ല. തമിഴ് വിദ്യാർഥികളുടെ ആവശ്യം സംരക്ഷിച്ചുകൊണ്ടുതന്നെ മിച്ചമുള്ള സീറ്റുകളിൽ മലയാളികളെ പ്രവേശിപ്പിച്ചാൽ മലയാള ഭാഷയും തമിഴ് വിദ്യാലയങ്ങളിൽ പഠിപ്പിക്കേണ്ടിവരും. അങ്ങനെയൊരു സ്ഥിതിവിശേഷം സ്വീകരിക്കാനുള്ള ഹൃദയവിശാലത മലയാളികൾക്കുണ്ടാകണം. അങ്ങനെയേ നാട്ടിൽ ഐക്യം പുലരുകയുള്ളൂ. എന്നാൽ ആ പ്രദേശത്തെ മലയാളികൾക്ക് ആവശ്യത്തിന് വിദ്യാലയങ്ങളില്ലെങ്കിൽ അതിനു സർക്കാർ വിദ്യാലയങ്ങൾ

തുടങ്ങുകയോ അല്ലെങ്കിൽ സ്വകാര്യ ഏജൻസികളെ അനുവദിച്ച് കുറവു പരിഹരിക്കുകയോ ചെയ്യണം. അല്ലാതെ തമിഴരുടെ പ്രവേശനം നിരോധിക്കുകയല്ല വേണ്ടത്. ഇതുമാത്രമാണ് സാമാന്യബുദ്ധിക്കും സാമൂഹികനീതിക്കും ചേരുന്ന നിലപാട്. ഒരു വിഭാഗത്തിന്റെ മൗലികാവകാശം തട്ടിപ്പറിച്ച് മറ്റുള്ളവർക്കു നല്കുന്നതു കാട്ടുനീതിയാണ്. സാമാന്യബുദ്ധിക്കു നിരക്കുന്ന ഈ നീതി തന്നെയാണു മതന്യൂനപക്ഷങ്ങൾക്കും നല്കേണ്ടത്. അതേ സ്വാതന്ത്ര്യത്തോടെ പ്രവർത്തിക്കേണ്ട സ്ഥാപനങ്ങളാണു മതന്യൂനപക്ഷങ്ങളുടേതും. മതന്യൂനപക്ഷങ്ങൾക്ക് അവരുടേതായ ധാർമികതയുടെയും മൂല്യങ്ങളുടെയും സംസ്കാരമുണ്ട്. അവർ പഠിക്കുന്ന ശാസ്ത സാങ്കേതിക വിദ്യകളോടു ചേർന്നാണ് ഈ ധാർമികതയുടെയും മൂല്യങ്ങളുടെയും പൈതൃകം കൈമാറേണ്ടത്. ഇതു ഗുജറാത്ത് യൂണിവേഴ്സിറ്റി കേസിൽ സുപ്രീംകോടതി ചൂണ്ടിക്കാട്ടിയിട്ടുള്ളതാണ്. അതിനാണ് അവർ സ്ഥാപനങ്ങൾ സ്ഥാപിച്ചു നടത്തുന്നത്. ഈ അവകാശത്തിനാണു ഭരണഘടന പരിരക്ഷ നൽകുന്നത്. മതന്യൂനപക്ഷങ്ങളുടെ അവകാശം സംരക്ഷിച്ച് അർഹരായ ന്യൂനപക്ഷ വിഭാഗ വിദ്യാർഥികൾക്കു പ്രവേശനം നല്കുന്നതുകൊണ്ട് മറ്റു മതസ്ഥരുടെ പ്രവേശനം ഇല്ലാതെ വരില്ല. സ്ഥലകാല വ്യത്യാസമനുസരിച്ച് മതന്യൂനപക്ഷങ്ങളുടെ ആവശ്യങ്ങൾ മാറി വരുന്നതുകൊണ്ട് ഒരു സ്ഥിരം ശതമാനനിരക്ക് പറഞ്ഞുവയ്ക്കാൻ പറ്റില്ലെന്നുമാത്രം. എല്ലാ വിദ്യാലയങ്ങളിലും കമ്യൂണിറ്റി മെരിറ്റിലും ഓപ്പൺ മെരിറ്റിലും വിദ്യാർഥികൾക്കു പ്രവേശനം നല്കുകതന്നെ ചെയ്യും. രണ്ടു വിഭാഗത്തെയും ഇന്റർസേ മെരിറ്റ് അനുസരിച്ചായിരിക്കും പ്രവേശിപ്പിക്കുന്നത്. ഇതാണ് ഇതുസംബന്ധിച്ച ക്രൈസ്തവ നിലപാട്. ഫീസ് നിരക്കിലെ നീതി! രണ്ടാമത്തെ കാര്യം ഫീസിന്റേതാണ്. ഫീസ് ഘടന നിശ്ചയിക്കുന്നതു മാനേജുമെന്റിന്റെ അവകാശമാണ്. പക്ഷേ അതു ന്യായമായിരിക്കാൻ സർക്കാരിന്റെ മേൽനോട്ടം ആകാമെന്നതിൽ സംശയമില്ല. ന്യായമായ ഫീസ് കണക്കിലെടുക്കേണ്ടത് ഏതെല്ലാം ഘടകങ്ങളെ ആശ്രയിച്ചാണെന്നു സുപ്രീംകോടതി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഓരോ സ്ഥാപനത്തിന്റെയും പ്രത്യേകതകൾ കണക്കിലെടുക്കേണ്ട കാര്യമായതുകൊണ്ട് സ്ഥാപനങ്ങളിലെ ഫീസ് നിരക്കുകൾ വ്യത്യസ്തമായിരിക്കും. അത് എല്ലായിടത്തും അംഗീകരിച്ചിട്ടുള്ളതാണ്. ഇവിടെ സാമൂഹി കനീതിയുടെ പേരിൽ ഏറെ ഉയർത്തിക്കാട്ടുന്നതു പകുതി വിദ്യാർഥികൾക്കു സർക്കാർ നിരക്കിൽ ഫീസ് നിശ്ചയിക്കണമെന്ന കാര്യമാണ് (സർക്കാർ സ്ഥാപനങ്ങളിൽ ഫീസ് കുറയുന്നതു മുഴുവൻ ചെലവും പൊതുമുതലിൽ നിന്നെടുക്കുന്നതുകൊണ്ടാണെന്ന് ഓർക്കണം). അതും മെരിറ്റടിസ്ഥാനത്തിൽ വരുന്നവർക്കായിരിക്കണം എന്നാണ് ഭരണക്കാരുടെ നിലപാട്. എൻട്രൻസ് പരീക്ഷയിലും മറ്റും ഉയർന്ന മാർക്കുനേടി വരുന്നവർ കൂടുതലും സാമ്പത്തിക ശേഷിയുള്ളവരും സാമൂഹികമായി മുന്നോക്കക്കാരും ആയിരിക്കുമെന്നാണല്ലോ പൊതുധാരണ. ഏറ്റവും സമർഥരായ വിദ്യാർഥികൾക്കു സർക്കാർ പ്രത്യേക സഹായങ്ങൾ നല്കുന്നതിൽ സന്തോഷമേയുള്ളൂ. പക്ഷേ, ഈ വിഭാഗത്തിൽ എല്ലാവർക്കും സൗജന്യ നിരക്കുവേണമെന്നു പറയുന്നതിലെ നീതി മനസിലാകുന്നില്ല. വാസ്തവത്തിൽ കമ്യൂണിറ്റി മെരിറ്റിലും പൊതു മെരിറ്റുലിസ്റ്റിലുമുള്ള എല്ലാ പാവപ്പെട്ടവർക്കും സഹായം നല്കുന്നതാണു സാമൂഹികനീതിയാകുന്നത്. സാമ്പത്തികശേഷിയുള്ളവർ അവരുടെ ചെലവു വഹിക്കുകയാണു വേണ്ടത് (ഏതു വിഭാഗത്തിലായാലും). അതെങ്ങനെ സാധിക്കു മെന്നതാണു പ്രധാനപ്പെട്ട പ്രശ്നം. സർക്കാരുകളുടെ ചിന്തയിൽ മാനേജുമെന്റ് വിഭാഗത്തിൽപ്പെട്ട വിദ്യാർഥികളിൽ നിന്ന് അതിനാവശ്യമായ കൂടുതൽ ഫീസ് പിരിച്ചു പൊതു മെരിറ്റു വിഭാഗത്തിൽപ്പെട്ട (പ്രായേണ സമ്പന്നരായ) വിദ്യാർഥികൾക്കു നല്കണമെന്നതാണ്. അങ്ങനെയൊരു അക്രമത്തിനു കൂട്ടുനിൽക്കാൻ മതാധ്യക്ഷൻമാർക്കു സാധിക്കില്ല. അത്തരം ക്രോസ് സബ്സിഡി സുപ്രീംകോടതി നിരാകരിച്ചിട്ടുള്ളതാണ്. അതിലുള്ള അനീതിയുടെ ആഴം പൊതുസമൂഹം മനസിലാക്കണം. (പക്ഷേ പല മാധ്യമങ്ങളും രാഷ്ട്രീയക്കാരും ഈ അനീതിയുടെ വശം തമസ്കരിക്കുകയാണ്). മതന്യൂനപക്ഷവിഭാഗം ചെലവുചെയ്തു പണിതുയർത്തിയ സ്ഥാപനത്തിൽ ആ വിഭാഗത്തിൽപ്പെട്ടവർ തന്നെ ഇരട്ടി ഫീസ് കൊടുത്ത് മറ്റുള്ളവരെ പഠിപ്പിക്കണമെന്നു പറയുന്നതു കടുത്ത അനീതിയാണ്. അതു മനസിലാക്കാൻ കഴിയാത്ത വർഗീയവാദികളുടെയും മതവിരുദ്ധരുടെയും അന്ധതയാണ് ഇവിടെ കാണുന്നത്. എങ്ങനെ നീതിപൂർവമായ സംവിധാനം ക്രമീകരിക്കാം? വാസ്തവത്തിൽ പാവപ്പെട്ട വിഭാഗത്തെ സഹായിക്കാനുള്ള ചുമതല പൊതുമുതൽ കൈയാളുന്ന സർക്കാരിന്റേതാണ്. സർക്കാർ കോളജുകളിൽ പഠിക്കുന്നവരെപ്പോലെ സ്വകാര്യ വിദ്യാലയങ്ങളിലെ യുവാക്കളും ഈ രാജ്യത്തെ പൗരന്മാരാണ്. പൊതു ഫണ്ടിൽ അവർക്കും അവകാശമുണ്ട്. രാജാക്കന്മാരുടെ കാലം മുതലേ ഈ നിലപാടായിരുന്നു സർക്കാരുകൾ പിന്തുടർന്നിരുന്നത്. അങ്ങനെയാണല്ലോ ഗ്രാന്റു സമ്പ്രദായവും മറ്റും

കടന്നുവന്നത്. ഇന്നു നിർബന്ധിത വിദ്യാഭ്യാസ മേഖലയിൽ കേന്ദ്രസർക്കാരും ഇതാണു ചെയ്യുന്നത്. സർക്കാരിനു പല രീതിയിൽ ഇതിനാവശ്യമായ ഫണ്ട് കണ്ടെത്താനാവുന്നതാണ്. പൊതുമുതലിൽനിന്നു ഗണ്യമായ സഹായം, മാനേജ്മെന്റിനു കാലക്രമേണ സൗകര്യപ്പെടുത്താവുന്ന സ്കോളർഷിപ് ഫണ്ട്, മറ്റു വൻ സ്ഥാപനങ്ങളിൽനിന്നു നികുതി ക്രമീകരണത്തിലൂടെയും മറ്റും പ്രോത്സാഹനം നല്കി സംഭരിക്കാവുന്ന സ്കോളർഷിപ്പുകൾ, എല്ലാം ഇതിനായി കണ്ടെത്താവുന്നതാണ്. ബാങ്കുകളെയും ഈ രംഗത്തു സഹായത്തിനായി പ്രേരിപ്പിക്കാവുന്നതാണ്. വൻ സാമ്പത്തികബാധ്യത വരുന്ന ഉന്നത വിദ്യാഭ്യാസ രംഗത്ത് ഇങ്ങനെയെല്ലാം സഹകരണത്തിലൂടെയാവണം സാമൂഹികനീതി സ്ഥാപിക്കേണ്ടത്. ഇന്നു ധരിച്ചുവച്ചിരിക്കുന്ന രീതി മതന്യൂനപക്ഷങ്ങളോടുള്ള കടുത്ത അനീതിയാണ്. എല്ലാവരുടെയും ന്യായമായ അവകാശങ്ങൾ സംരക്ഷിക്കപ്പെടുമ്പോഴാണു സാമൂഹിക നീതിക്രമം ഉണ്ടാകുന്നത്. അല്ലാതെ ഒരു വിഭാഗത്തിന്റെ മൗലികാവകാശങ്ങൾ നിഷേധിച്ച് അവരുടെമേൽ ഭാരം കെട്ടിവെച്ച് മിടുക്കന്മാരായി സാമൂഹികനീതി സ്ഥാപിച്ചു എന്നവകാശപ്പെടുന്നതു ക്രൂരതയായിരിക്കും - അതു നിയമം വഴി നടത്തിയാലും സമ്മർദതന്ത്രങ്ങളിലൂടെ സാധിച്ചെടുത്താലും. ഭരണഘടനയേയും കോടതിവിധികളെയും മാനിച്ചുകൊണ്ടും മൗലികാവകാശങ്ങൾ അംഗീകരിച്ചും യഥാർഥത്തിൽ സഹായം അർഹിക്കുന്നവരെ സാഹായിച്ചും വേണം സാമൂഹികനീതി നടപ്പാക്കാൻ. അവ രണ്ടും മറികടന്ന് സമ്മർദത്തിലൂടെ ചില സങ്കല്പങ്ങൾ നടപ്പാക്കാൻ ശ്രമിക്കുന്നതു നീതിയാകില്ല, തികഞ്ഞ അനീതിയായിരിക്കും.

## ജാഗ്രതാ വാർത്ത

### പത്തിലെ പാഠപുസ്തകത്തിൽ സഭയെ അധിക്ഷേപിക്കുന്നുണ്ടെന്നു സമിതി

---

പത്താംക്ലാസിലെ സാമൂഹ്യപാഠപുസ്തകത്തിൽ കത്തോലിക്കാസഭയെ അധിക്ഷേപിക്കുന്ന ചില പരാമർശങ്ങളുണ്ടെന്നു വിദഗ്ധ സമിതിയുടെ റിപ്പോർട്ടിൽ സൂചന. സഭയെ ആക്ഷേപിക്കുന്ന പരാമർശങ്ങൾ ഒഴിവാക്കാമാ യിരുന്നു. അനാവശ്യ മായി പ്രശ്നങ്ങൾ സൃഷ്ടിക്കാൻ മാത്രമേ ഇത്തരം പാഠഭാഗങ്ങൾ സഹായിക്കൂ എന്നും റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു. പാഠപുസ്തകത്തിലെ ചില ഭാഗങ്ങളെക്കുറിച്ചു വ്യാപകമായി പരാതി ഉയർന്ന തിന്റെ പശ്ചാത്തലത്തിലാണ് ഇതേക്കുറിച്ചു പരിശോധിക്കാൻ സംസ്ഥാന സർക്കാർ വിദഗ്ധ സമിതിയെ നിയോഗിച്ചത്. മുൻ അഡീഷണൽ ചീഫ് സെക്രട്ടറി ഡോ.ഡി. ബാബുപോൾ, സംസ്ഥാന ആർക്കൈവ്സ് മുൻ ഡയറക്ടറും ചരിത്ര പണ്ഡിതനുമായ ഡോ. റെയ്മൺ എന്നിവരായിരുന്നു അംഗങ്ങൾ. സമിതിയുടെ റിപ്പോർട്ട് പൊതുവിദ്യാഭ്യാസ സെക്രട്ടറിക്കു കൈമാറി. റിപ്പോർട്ട് സർക്കാർ അംഗീകരിച്ചശേഷം തുടർ നടപടികൾ സ്വീകരിക്കും. തെറ്റിദ്ധാരണയും സംശയവും പരത്തുന്നതാണ് ചില പാഠഭാഗങ്ങൾ. ഏകപക്ഷീയമായാണ് കത്തോലിക്കാ സഭയ്ക്കെതിരേയുള്ള പരാമർശങ്ങൾ നടത്തിയത് എന്ന നിരീക്ഷണം റിപ്പോർട്ടിലുള്ളതായി അറിയുന്നു. മധ്യകാലഘട്ടത്തിൽ യൂറോ പ്പിൽ നടന്ന മതനവീകരണ പ്രവർത്തനങ്ങൾ ചരിത്രമാണെങ്കിലും അതിന്റെ പശ്ചാത്തലം വിശദമാക്കാതെ എല്ലാത്തരം പുരോഗമനാശയങ്ങളെയും കലയെയും സംസ്കാരത്തെയും കത്തോലിക്കാസഭ എതിർത്തു എന്നു വരുത്തിത്തീർക്കാനുള്ള ശ്രമം പാഠപുസ്തക ത്തിലുണ്ട് . ഭാവിയിൽ ഇത്തരം പ്രശ്നങ്ങൾ ഒഴിവാക്കാനാവശ്യ മായ നിർദേശങ്ങളും റിപ്പോർട്ടിലുണ്ട്. പാഠപുസ്തക രചയിതാക്കളെ തെരഞ്ഞെടുക്കു മ്പോൾ ജാഗ്രത പുലർത്തണമെന്നും നിഷ്പക്ഷരായ വിദഗ്ധരുടെ മേൽനോട്ടം ഉറപ്പാക്കണമെന്നും റിപ്പോർട്ടിൽ നിർദേശമുള്ളതായിഅറിയുന്നു. വിദഗ്ധ സമിതിയുടെ റിപ്പോർട്ടിൻമേൽ സർക്കാരിന്റെ അന്തിമ തീരുമാനം വരുന്നതുവരെ സാമൂഹ്യ പാഠപുസ്തകത്തിലെ വിവാദ പരാമർശങ്ങൾ ഉൾക്കൊള്ളുന്ന ഒന്നാം ഭാഗം പഠിപ്പിക്കേണ്ടെന്നു വിദ്യാഭ്യാസ വകുപ്പ് നിർദേശം നൽകിയിരുന്നു. കഴിഞ്ഞ എൽഡിഎഫ് സർക്കാരിന്റെ കാലത്തു നിയമിച്ചവരാണു പാഠപുസ്തക രചനാസമിതിയിൽ ഉണ്ടായിരുന്നത്. വിദഗ്ധ സമിതിയിലേക്കു മൂന്നുപേരെയാണു സർക്കാർ നാമനിർദേശം ചെയ്തത്. ഡോ. ബാബുപോളിനും ഡോ.റെയ്മണും പുറമേ പ്രസിദ്ധ ചരിത്രകാരനായ ഡോ.എം.ജി.എസ്. നാരായണനുമുണ്ടായിരുന്നു. എന്നാൽ, കമ്മിറ്റി അംഗത്വം ഏറ്റെടുക്കാൻ അദ്ദേഹം വിസമ്മതിച്ചു. പാഠപുസ്തകത്തിൽ തെറ്റുകളുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടുകയും ചെയ്തു. ആധുനിക കാലഘട്ടത്തിന്റെ ഉദയം എന്ന തലക്കെട്ടിലുള്ള ഭാഗത്താണ് കത്തോലിക്കാ സഭയെ അധിക്ഷേപിക്കുന്ന വാചകങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നത്. കത്തോലിക്കാസഭയുടെ വിശ്വാസ പ്രമാണങ്ങൾ കാലഹരണപ്പെട്ടതാണ്, സഭയിൽ അഴിമതി നിലനിന്നിരുന്നു, സഭയുടെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ മാർപാപ്പ പദവികൾ സൃഷ്ടിച്ചു വില്പന നടത്തി, പാപമോചന പത്രം വിറ്റു ധാരാളം പണമുണ്ടാക്കി, പുസ്തകങ്ങൾ നിരോധിച്ചു, മതവിചാരണക്കോടതി സ്ഥാപിച്ചു, മതത്തിന്റെ പേരിൽ യുദ്ധങ്ങൾ നടത്തി, ജന്മപാപം എന്നൊന്നില്ല തുടങ്ങിയ നിരവധി വിവാദ പരാമർശങ്ങളാണ്പാഠഭാഗത്തിലുള്ളത്.